പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2758 **28-10-2026-ൽ മറുപടിയ്ക്ക്**

കുടിവെള്ള വിതരണം ദീർഘിപ്പിക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. ആർ. അനിൽ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ ആനതാഴ്ചിറ പ്രദേശത്തും സമീപ വാർഡുകളിലും രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്ക് 2021-2022-ലെ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 2021-22 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പ്രവൃത്തിക്കായി ടെൻഡർ ക്ഷണിച്ചെങ്കിലും കരാറുകാരാരും പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാതിരുന്നതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല. പ്രവൃത്തിയുടെ പുതുക്കിയ പ്രൊപ്പോസൽ 2027-28 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാനിന്റെ വാർഷിക പദ്ധതി നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ ബജറ്റ് വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഇതുവരെ ഭരണാനുമതി ലഭ്യമാകാത്തതിന്റെ സാങ്കേതികവും ഭരണപരവുമായ കാരണങ്ങൾ എന്തൊക്കെയാണ്; ഇതുമായി ബന്ധപ്പെട്ട് സമർപ്പിച്ച എസ്റ്റിമേറ്റുകൾ, അവയുടെ നിലവിലെ സ്ഥിതി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശോധനാ റിപ്പോർട്ടുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) നിരവധി തവണ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടും പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിൽ കാലതാമസം നേരിട്ട സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനയുടെ കണ്ടെത്തലുകളും സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ; ഈ പ്രവൃത്തിക്ക് എന്നത്തേയ്ക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനായി സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന്

വ്യക്തമാക്കാമോ?

മറുപടി: അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളതും നടപ്പിലാക്കുന്നതുമായ കുടിവെള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ജലജീവൻ മിഷൻ അണ്ടൂർക്കോണം പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി

ജലജീവൻ മിഷനിലുൾപ്പെടുത്തി നെടുമങ്ങാട് നിയോജക മണ്ഡലത്തിലുൾപ്പെട്ട അണ്ടൂർക്കോണം പഞ്ചായത്തിൽ കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതിയ്ക്ക് 26 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ 3 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, 10 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണി എന്നിവ നിർമ്മിക്കൽ, റോവാട്ടർ, ക്ലിയർവാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ, പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതി രണ്ടു പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. ഒന്നാമത്തെ പാക്കേജിലുൾപ്പെട്ട ജലശുദ്ധീകരണ ശാല, ഉപരിതല ജലസംഭരണി, റോവാട്ടർ, ക്ലിയർവാട്ടർ പമ്പിംഗ് മെയിൻ, പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമർ തുടങ്ങിയവ ഉൾപ്പെട്ട പ്രവൃത്തിയുടെ കരാർ നൽകി പ്രവൃത്തികൾ ആരംഭിച്ചെങ്കിലും ആനതാഴ്ചിറയ്ക്ക സമീപം ജലശുദ്ധീകരണശാല നിർമ്മിച്ചാൽ സമീപപ്രദേശങ്ങളിലെ കിണറുകളിൽ ജലനിരപ്പ് താഴുകയും, ജലക്ഷാമമുണ്ടാകുകയും ചെയ്യുമെന്ന ഭൂജല വകുപ്പിന്റെ പഠന റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ജലശുദ്ധീകരണശാലയുടെ നിർമ്മാണം താൽക്കാലികമായി നിർത്തുകയും പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ടെക്നോസിറ്റി പരിസരത്ത് നിർമ്മാണം പുരോഗമിക്കുന്ന 10 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണിയിലേയ്ക്ക് മറ്റൊരു സ്രോതസ്സിൽ നിന്നും ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

രണ്ടാമത്തെ പാക്കേജിലുൾപ്പെട്ട ജല വിതരണ ശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും 1399 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ട പദ്ധതിയുടെ ഭാഗമായി പള്ളിപ്പുറം ടെക്നോസിറ്റി പരിസരത്ത് 10 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാവുകയും പ്രവൃത്തി നടന്നുവരികയുമാണ്.

2.അണ്ടൂർക്കോണം, കഠിനംകുളം, മംഗലപുരം പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള പുതിയ പദ്ധതി

ജലജീവൻ മിഷനിലുൾപ്പെടുത്തി അണ്ടൂർക്കോണം പഞ്ചായത്തിലെ ജലവിതരണശൃംഖലയും കുടിവെള്ള കണക്ഷനുകളും നൽകുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. നിലവിൽ വാളക്കാട് പ്രവർത്തിക്കുന്ന 11 എം. എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ നിന്നുമാണ് അണ്ടൂർക്കോണം പഞ്ചായത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നത്. പ്രസ്തുത ജലശുദ്ധീകരണ ശാലയിൽ നിന്നും കഠിനംകുളം, മുദാക്കൽ, പോത്തൻകോട് പഞ്ചായത്തുകളിലും ജലവിതരണം നടത്തുന്നുണ്ട്. ഇത് കാരണം നിലവിൽ കുടിവെള്ള ദൗർലഭ്യമുണ്ട്. ആയതിനാൽ ഈ പ്രശ്നം പരിഹരിക്കുന്നതിനായി ആറ്റിങ്ങൽ ആറാട്ടു കടവിൽ 18 എം.എൽ.ഡി. ശേഷിയുള്ള ഒരു പുതിയ ജലശുദ്ധീകരണ ശാല പണിയുകയും, കഠിനംകുളം, മംഗലപുരം പഞ്ചായത്തുകളിൽ കുടിവെള്ളവിതരണം മെച്ചപ്പെടുത്തുന്നതിനായി 20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിച്ച് അതിനോടനുബന്ധിച്ചുള്ള പൈപ്പ് ലൈനുകളും സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കാവശ്യമായ 35 കോടിയോളം രൂപ ജലജീവൻ മിഷനിലൂടെയും 15 കോടിയോളം രൂപ അർബൻ അഗ്ലോമറേഷനിലൂടെയും കണ്ടെത്തിയിട്ടുണ്ട്. ഇതിൽ അർബൻ അഗ്ലോമറേഷനിലൂടെ നിർമ്മിക്കുന്ന ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തിക്കുള്ള കരാർ നൽകിയിട്ടുണ്ട്.

ജലസംഭരണിയുടെ നിർമ്മാണവും പൈപ്പ് ലൈനുകൾ സ്ഥാപിക്കലുമുൾപ്പെടുന്ന പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പൂർത്തിയായെങ്കിലും ഇത് സംബന്ധിച്ച ബഹു. ഹൈക്കോടതിയിൽ ഒരു വ്യവഹാരമുള്ളതിനാൽ തുടർനടപടികൾ നിർത്തി വച്ചിരിക്കുകയാണ്. ഈ പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ അണ്ടൂർക്കോണം പഞ്ചായത്തിന് കൂടി ഗ്രണം ലഭ്യമാകും.

സെക്ഷൻ ഓഫീസർ